ഉത്തരം

(എ) ഉണ്ട്. സ്കൂൾ വിദ്യാർത്ഥികളിലെ വിളർച്ചാ രോഗം-അനീമിയ പരിഹരിക്കുന്നതിന് ഭാരതീയ ചികിത്സാ വകുപ്പ് 2013-14 സാമ്പത്തികവർഷം മുതൽ നടപ്പിലാക്കിവരുന്ന പദ്ധതിയാണ് 'പ്രസാദം'. ടി പദ്ധതി ഇടുക്കി, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിലാണ് നടപ്പിലാക്കിവരുന്നത്. പദ്ധതിക്കായി മൂന്ന് ജില്ലകൾക്കുംകൂടി 20,00,000 (ഇരുപത് ലക്ഷം രൂപ) അനുവദിച്ചിട്ടുണ്ട്.

(ബി) സ്കൂൾ വിദ്യാർത്ഥികളിലെ വിളർച്ചാ രോഗം-അനീമിയ ആയുർവ്വേദ ശാസ്ത്രവിധി പ്രകാരം പാർശ്വഫലരഹിതമായി പരിഹരിക്കുക എന്നതാണ് 'പ്രസാദം' പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം.

(സി) ഇടുക്കി, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട സ്കൂളിലെ വിദ്യാർത്ഥികൾക്ക് രക്ത പരിശോധന നടത്തി വിളർച്ചാ രോഗം - അനീമിയ കണ്ടെത്തുന്ന കുട്ടികൾക്ക് ആവശ്യമായ ആയുർവ്വേദ ഔഷധങ്ങൾ മെഡിക്കൽ ഓഫീസർമാരും പാരാമെഡിക്കൽ സ്റ്റാഫും ഉൾപ്പെടുന്ന മെഡിക്കൽ ടീമിന്റെ നിർദ്ദേശാനുസരണം നൽകുന്നു. പിന്നീട് കൃത്യമായ ഇടവേളകളിൽ വീണ്ടും രക്ത പരിശോധന നടത്തി പുരോഗതി വിലയിരുത്തുകയും ഔഷധങ്ങൾ നൽകിവരികയും ചെയ്യുന്നു.

(ഡി) ജില്ലാ മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ പദ്ധതിയുടെ നടത്തിപ്പിനായി മെഡിക്കൽ ഓഫീസർമാരും പാരാമെഡിക്കൽ സ്റ്റാഫുകളും ഉൾപ്പെടുന്ന ടീമും സ്കൂൾ തലത്തിൽ പഞ്ചായത്ത് പ്രസിഡന്റ്, ഹെഡ് മാസ്റ്റർ, പി.റ്റി.എ. പ്രസിഡന്റ്, മെഡിക്കൽ ഓഫീസർ, അദ്ധ്യാപകർ എന്നിവർ ഉൾപ്പെടുന്ന ഇംപ്ലിമെന്റേഷൻ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. രക്ത പരിശോധനയിൽ വിളർച്ചാ രോഗം കണ്ടെത്തുന്ന വിദ്യാർത്ഥികളെ പരിശോധിച്ച് ആവശ്യമായ ഔഷധങ്ങൾ നൽകി കൃത്യമായ ഇടവേളകളിൽ വീണ്ടും രക്തപരിശോധന നടത്തി പുരോഗതി വിലയിരുത്തുകയും ആവശ്യമായവർക്ക് വീണ്ടും ഔഷധങ്ങൾ നൽകുകയും ചെയ്യുന്നു. വിദ്യാഭ്യാസ വർഷാവസാനം പ്രോജക്ടിന്റെ നടത്തിപ്പിനെ അപഗ്രഥിച്ച് പഠനം നടത്തുന്നു.

ആയുഷ് വകുപ്പ് രൂപീകരിക്കുന്നതിനുള്ള നടപടി

106 (6811) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആയുഷ് വകുപ്പ് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് പ്രകാരം കൈവരിക്കാൻ ഉദ്ദേശിക്കുന്നത് : വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത് വിശദമാക്കാമോ ,

(ഡി) ആയതിനായി എന്തെല്ലാം നടപടി എടുത്തിട്ടുണ്ട് ; വിശദാംശങ്ങൾ വ്യക്തമാക്കാമോ

ഉത്തരം

(എ) ആയുഷ് വകുപ്പ് രൂപീകരിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നു.

(ബി) ആയുഷ് പദ്ധതി കേരളത്തിലേക്ക് കൂടുതൽ ലഭ്യമാക്കി കേരളത്തിന്റെ തനതു ചികിത്സാ രീതി സംസ്ഥാനമൊട്ടാകെ വ്യാപിപ്പിക്കുവാനും സ്ഥാപനങ്ങളുടെ നിലവാരം വർദ്ധിപ്പിച്ച് ചികിത്സാ നിലവാരവും വർദ്ധിപ്പിച്ച് ആഗോള വ്യാപകമായി ആയുർവ്വേദ ചികിത്സ വളർത്തിയെടുക്കുവാനുമാണ് ലക്ഷ്യമിടുന്നത്.

(സി) ഭാരതീയ ചികിത്സാവകുപ്പും നോമിയോവകുപ്പുമാണ് ഇതുമായി സഹകരിക്കുന്നത്.

(ഡി) ഇത് സംബന്ധിച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് പഠനം നടത്തിവരുന്നു.

ഭാരതീയ ചികിത്സാവകുപ്പിന്റെ ഭൂതു പദ്ധതി

107 (6812) ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. വി.ഡി. സതീശൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഭാരതീയ ചികിത്സാവകുപ്പ് നടപ്പാക്കുന്ന ഭൂതു പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുമുഖേന്തിരം കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(സി) വിദ്യാർത്ഥികളുടെ ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ;

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കൗമാരപ്രായക്കാരായ പെൺകുട്ടികളുടെ ആരോഗ്യസ്ഥിതി മെച്ചപ്പെടുത്തുക, അവരിൽ കാണപ്പെടുന്ന ആർത്തവ തകരാറുകൾക്ക്

LIBRARY ARCHIVES Kerala Legislative Assembly